മാതൃഭൂമി
Mathrubhumi Seed
Student Empowerment for Environmental Development
In partnership with FEDERAL BANK
പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 09 JUNE 2022

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്


Cover photo: Shutterstock




# സ്കൂളിലെത്തുന്ന ആദ്യലക്കം



**നീ**ണ്ട ഇടവേളയ്ക്കുശേഷം സ്കൂളുകൾ പഴയതുപോലെ പ്രവർത്തിച്ചുതുടങ്ങി. സ്കൂളുകളിലേക്ക് ആദ്യമെത്തുന്ന ആകാശപ്പച്ചയാണിത്. ക്ലാസുകൾക്കിടയിൽ ലഭിക്കുന്ന ഇടവേളകളിൽ അധ്യാപകരും വിദ്യാർഥികളും ചേർന്ന് ഇതിലെ രചനകൾ വിലയിരുത്തുമല്ലോ. അതേക്കുറിച്ച് ചെറിയ ചർച്ചകളുമാവാം. നിങ്ങളുടെ നിർദേശങ്ങളും അഭിപ്രായങ്ങളും രചനകളും ആകാശപ്പച്ചയിലേക്ക് അയച്ചുതരണേ... പഠനത്തോടൊപ്പം പ്രകൃതിസംരക്ഷണവും വളരട്ടെ.

എഡിറ്റോറിയൽ

# മറക്കരുത് നല്ല ശീലങ്ങൾ

പ്രകൃതിസംരക്ഷണത്തിന്റെ നല്ല മാതൃകകളുള്ള നാടായിരുന്നു കേരളം. കുളങ്ങളിലെവെള്ളം, കുടിക്കാനും പാചകത്തിനും ഉപയോഗിച്ചിരുന്നകാലത്ത് നമ്മൾ കുളങ്ങളെ നിധിപോലെ സംരക്ഷിച്ചു. കൈയെത്തും ദൂരത്തെ നെല്ല് കൊയ്ത് മെതിച്ച് ചോറുണ്ട കാലത്ത് പാടങ്ങളിലെ വെള്ളം വറ്റിപ്പോകാതെ കാത്തു. പറമ്പിന്റെ മൂലയിലെ കാവുകളെ വിശുദ്ധസ്ഥാനമായി കാത്തു. മേൽമണ്ണും പുല്ലും വെട്ടി, കൂനകൂട്ടിവെച്ച് വളക്കൂറ് സംരക്ഷിച്ചു. മൺകൂനകൾക്കിടയിൽ കെട്ടിനിന്ന



വെള്ളം ഭൂമിയിലേക്ക് ആഴ്ന്നിറങ്ങി. ചെറുതോടുകളും നദികളും മാലിന്യം കലരാതെ തെളിനീരൊഴുകാനായി സംരക്ഷിച്ചു. അങ്ങനെ പലതും നമ്മുടെ നല്ല ശീലങ്ങളായിരുന്നു. വൃത്തിയും വെടിപ്പുമുള്ള വീടുകളും സ്ഥാപനങ്ങളും നല്ല റോഡുകളും പാലങ്ങളും ഉണ്ടാക്കാൻ സ്ഥലവും പണവും ചെലവഴിച്ചപ്പോൾ പഴയ ശീലങ്ങളിൽ പലതും നമുക്ക് നഷ്ടമായി. പ്രകൃതിയോട് ഇണങ്ങിനിൽക്കുന്ന വികസനമാണ് ഏത് നാടിനും ആവശ്യം. പ്രത്യേകിച്ച് കേരളംപോലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾക്ക്. അത് മറക്കാതിരുന്നാൽ പ്രകൃതിദുരന്തങ്ങളെ നമുക്ക് മറക്കാം.




## കാട്ടിലെക്കാര്യം

**ലോ**കത്തിലെ ഏറ്റവും ഉയരം കൂടിയ വെള്ളച്ചാട്ടമാണ് എയ്ഞ്ചൽ. വെനസ്വേലയിലെ ഇടതൂർന്ന വനപ്രദേശമായ കനൈമ ദേശീയോദ്യാനത്തിലാണ് ഇത്. ഇവിടെ മരിച്ചുപോയവരുടെ ആത്മാക്കളുണ്ടെന്ന വിശ്വാസത്തിൽ തദ്ദേശീയരായ ഗോത്രവർഗക്കാർ വെള്ളച്ചാട്ടത്തിനടുത്തേക്ക് പോകുമായിരുന്നില്ല. സ്വർണം തേടിയുള്ള യാത്രയ്ക്കിടയിലാണ് അമേരിക്കക്കാരനായ ഗോൾജിമ്മി എയ്ഞ്ചൽ 1933-ൽ ഈ വെള്ളച്ചാട്ടം കണ്ടെത്. മനോഹരമായ ഭൂപ്രകൃതിയിൽ ആകൃഷ്ടനായ ജെയിംസ് 1937-ൽ സാഹസികമായി മല കയറി വെള്ളച്ചാട്ടത്തിനരികിലെത്തി. പിന്നീട് എയ്ഞ്ചൽ ഫോൾസ് ലോകപ്രശസ്തമായി.

നന്ദന ഹരി ക്ലാസ് 7
വിദ്യോദയ സ്കൂൾ, തേവയ്ക്കൽ
എറണാകുളം

# വേണ്ടത് തിരിച്ചറിവുകൾ

**കേ**രളമെന്നാൽ മലയും പുഴയും കായലും കടലും വയലും നിറഞ്ഞ സുന്ദരമായ നാടാണ്. ഇവയെല്ലാം കേരളത്തിന്റെ സൗന്ദര്യമായി അങ്ങോളമിങ്ങോളം പരന്നുകിടക്കുന്നു. നമ്മൾ അഭിമാനിക്കുന്ന സൗന്ദര്യം ഇന്നുണ്ടോ? ഇല്ലെന്നുതന്നെ പറയേണ്ടിവരും. നമ്മുടെ ജലാശയങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്, അല്ലെങ്കിൽ മനുഷ്യൻ നശിപ്പിച്ചുകൊണ്ടിരിക്കുന്നു.



ഇന്ന് വീടുകളുടെ എണ്ണം വർധിച്ചു. ആദ്യമാദ്യം വീടുകളിലുള്ള മാലിന്യങ്ങൾ അടുത്തുള്ള തോടുകളിലും മറ്റും തള്ളാനാരംഭിച്ചു. പിന്നീട് ചെറിയ ചെറിയ കടകൾ ഹോട്ടലുകൾ പിന്നെ വലിയ ഫാക്ടറികൾവരെ മാലിന്യം ജലാശയങ്ങളിൽ എത്തിക്കാൻതുടങ്ങി. ഇവ ജലത്തെയും ജലജീവികളെയും നശിപ്പിക്കുന്നു. മനുഷ്യനും ജീവജാലങ്ങൾക്കും ഭൂമിക്കും ഒരുപോലെ നാശമുണ്ടാക്കുന്ന അവസ്ഥ വന്നുചേരുന്നു. എന്നിട്ടും മനുഷ്യനിന്നും തിരിച്ചറിവ് വന്നിട്ടില്ല. പ്രകൃതിചൂഷണങ്ങൾ ഇനിയും തുടർന്നാൽ പ്രകൃതിയുടെ നാശവും സ്വന്തം നാശവുമാണ് സംഭവിക്കുകയെന്ന തിരിച്ചറിവ് ഓരോ മനുഷ്യനും ഉണ്ടാവട്ടെ.

അഭിനവ് രതീഷ്, ക്ലാസ് 4
ടൈനി ടോട്സ് ജൂനിയർ സ്കൂൾ
ആലപ്പുഴ



ചിറകുള്ള ചങ്ങാതിമാർ

# നീലത്തത്ത

## Blue winged parakeet

**തൂ**വലുകൾക്ക് പച്ചനിറത്തിന് പകരം ചാരനിറവും നീലനിറവുമുള്ള തത്തയാണിത്. ഇംഗ്ലീഷ് പേര് ബ്ലൂ വിങ്ഡ് പാരക്കീറ്റ് (Blue winged parakeet). മൈനയുടെ വലുപ്പം മാത്രമേ നീലത്തത്തയ്ക്കുള്ളൂ. നീളമേറിയ വാലുള്ളതിനാൽ ഇവയ്ക്ക് വലുപ്പം കൂടുതലാണെന്ന് തോന്നും. വാലിന്റെ അഗ്രം മഞ്ഞയാണ്. കൊക്കിന്റെ മേൽപകുതി ചുവപ്പ്, കീഴ്പകുതി മഞ്ഞയും കറുപ്പും കലർന്ന നിറവും. കാടുകളിൽ കൂടുതലായി കാണുന്ന ഇവയെ മുളന്തത്ത എന്നും വിളിക്കാറുണ്ട്. മിക്കപ്പോഴും കൂട്ടമായാണ് കാണപ്പെടുന്നത്. തറയിൽനിന്ന് ആറ് മീറ്റർ മുതൽ ഇരുപത് മീറ്റർ വരെ ഉയരത്തിലുള്ള വൃക്ഷങ്ങളിലാണ് കൂടുണ്ടാക്കുന്നത്.

കീർത്തി കൃഷ്ണ, ക്ലാസ് 6
എസ്.എ.എച്ച്.എസ്.എസ്.
കരിംകുന്നം, ഇടുക്കി

ഈ ഫോട്ടോ കാണാം

# നാട്ടുപച്ച



അഭിജിത് സതീഷ്, ക്ലാസ് 12
കേന്ദ്രീയ വിദ്യാലയം കഞ്ചിക്കോട്
പാലക്കാട്

കൃഷിക്കാര്യം

# പൊക്കാളിക്കൃഷി

ലവണപ്രതിരോധശേഷിയുള്ളതും ഒരാളോളം പൊക്കത്തിൽ വളരുന്നതുമായ ഒരിനം നെല്ലാണ് പൊക്കാളി. പൊക്കത്തിൽ ആളിനിൽക്കുന്നതാണ് ഈ പേര് വരാൻ കാരണം. തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾപ്പാടങ്ങളിൽ പൊക്കാളിക്കൃഷി വ്യാപകമായി ചെയ്തുവന്നിരുന്നു. ലവണാംശമുള്ള മണ്ണിലും വളരാനും വിളയാനും കഴിയുന്ന പൊക്കാളിനെല്ലിന് അമ്ലത ചെറുക്കാനും വെള്ളപ്പൊക്കവും വലിയ വെള്ളക്കെട്ടും അതിജീവിക്കാനും കഴിവുണ്ട്. മഴക്കാലത്ത് വെള്ളത്തിൽ മൂടിക്കിടന്നാലും ഈ നെൽച്ചെടി ചീഞ്ഞുപോകില്ല. എറണാകുളം ജില്ലയിലെ ചെറായി, എടവനക്കാട്, നെടുങ്ങാട് ഭാഗങ്ങളിൽ പൊക്കാളിക്കൃഷി വ്യാപകമാണ്. പൂർണമായും ജൈവമായി നെല്ലുത്പാദിപ്പിക്കുന്ന ഒരു കൃഷിരീതിയാണ് പൊക്കാളി.



സജിനി എസ്.
മുസ്‌ലിം അസോസിയേഷൻ
മോഡൽ സ്‌കൂൾ, തൈക്കാട്
തിരുവനന്തപുരം



# പാടത്തെന്തു വിശേഷം?

*മാടത്തക്കിളി മാടത്തക്കിളി*
*പാടത്തെന്തു വിശേഷം*
*ചൊല്ലുക പാടത്തെന്തു വിശേഷം*
*പാടത്തെല്ലാം വിത്തുവിതച്ചു*
*പയ്യെ ചുണ്ടും കീറി മുളച്ചു*
*ഒരു മഴ കിട്ടാഞ്ഞുഴറും ഞാറിൻ*
*ഓമൽ പീലി കരിഞ്ഞു*

വൈലോപ്പിള്ളി ശ്രീധരമേനോൻ രചിച്ച് ഔസേപ്പച്ചൻ ഈണം നൽകി യേശുദാസും മാസ്റ്റർ വൈശാഖും ആലപിച്ച ഗാനമാണിത്. കൃഷിയെ മാത്രമല്ല പരിസ്ഥിതിയുടെ ജീവിതശ്രേണിയെയും അടയാളപ്പെടുത്തുന്നു ഈ ഗാനം. സംഭാഷണരീതിയിലുള്ള ഗാനം കുട്ടിയുടെ സംശയങ്ങൾക്കുള്ള മറുപടികൂടിയാണ്. പാടത്തെ വിശേഷവും മാനത്തെ വിശേഷവും കുട്ടി ചോദിക്കുമ്പോൾ മഴ കിട്ടാഞ്ഞതുമൂലം ഞാറ് കരിഞ്ഞതും മഴ പെയ്താൽ ഞാറ് മുളയ്ക്കുമെന്ന പ്രതീക്ഷയും കുട്ടിക്കിവിടെ പറഞ്ഞുകൊടുക്കുന്നുണ്ട്.

വിജയൻ ശങ്കരംപാടി
സീഡ് കോർഡിനേറ്റർ ജി.യു.പി.എസ്.
കാനത്തൂർ, കാസർകോട്

ഇത് അതിശയം തന്നെ



# എട്ടുകണ്ണൻ

എട്ടുകാലികൾക്ക് കാലുകൾ മാത്രമല്ല എട്ടെണ്ണമുള്ളത് കണ്ണുകളും എട്ടെണ്ണമുണ്ട്. നാലും ആറും കണ്ണുള്ളവരുമുണ്ട്. ഗുഹകളിലുള്ള ചിലതിന് കണ്ണുകളേയില്ല! എട്ട് കണ്ണുകളുള്ളവയ്ക്കുപോലും കാഴ്ച വളരെ കുറവാണ്. 30 സെന്റിമീറ്റർവരെയാണ് കാണാൻകഴിയുക. ഇവരുടെ കണ്ണുകളെ ഒസെല്ലായ് (ocelli) എന്നാണ് പറയുക. പ്രാഥമികനേത്രങ്ങൾ, ഉപനേത്രങ്ങൾ എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. ആദ്യത്തെത് ഇരയുടെ കൃത്യമായ ചിത്രം നൽകുമ്പോൾ രണ്ടാമത്തെത് ചലനങ്ങൾ രേഖപ്പെടുത്തുന്നു. എട്ട് കണ്ണുകൾ രണ്ടോ മൂന്നോ നിരകളായാണ് കാണുക. മുൻനിരകളിൽ നടുവിലുള്ള ജോഡിയാണ് പ്രധാനപ്പെട്ടത്. ഇവ മിക്കവാറും ചെറുതുമാണ്. ജംപ്ളിങ് സ്പൈഡർ (Jumpling spider) പോലുള്ളവയ്ക്ക് വലിയ കണ്ണുകളാണ്. കാഴ്ച കുറവുള്ള ഇവർ രോമങ്ങളും പാദങ്ങളും കൂടി ഉപയോഗിച്ചാണ് പരിസരം മനസ്സിലാക്കുന്നത്. കാട്ടുപൂച്ച ചിലന്തിയും (Lynx spiders) ചെന്നായ് ചിലന്തിയുമൊക്കെ (Wolf spiders) നല്ല കാഴ്ചശക്തിയുള്ളവരാണ്.

പ്രയാഗ് എസ്., ക്ലാസ് 10
കരിയാട് നമ്പ്യാർസ് ഹയർ
സെക്കൻഡറി സ്കൂൾ, കണ്ണൂർ

തെറ്റ് ശരി



# അങ്ങനെ പറയാമോ?

ദേഷ്യംവരുമ്പോൾ മോശമായി സംസാരിക്കുന്ന ശീലം പലർക്കുമുണ്ട്. 'നന്ദിയില്ലാത്ത നായ' എന്നൊക്കെ ചിലർ പറഞ്ഞേക്കാം. പണ്ടുമുതലേ വായ്മൊഴിയായി കേൾക്കുന്നതാണിത്. പക്ഷേ, സത്യമെന്താണ്? ഏറ്റവും നന്ദിയുള്ള, നന്ദി പ്രകടിപ്പിക്കുന്ന ഒരു മൃഗമാണ് നായ. മരണപ്പെട്ടുപോയ യജമാനനു വേണ്ടി മാസങ്ങളോളം കുഴിമാടത്തിൽ കാത്തുകിടന്ന നായകളുണ്ട്. പ്രിയപ്പെട്ട നായകളുടെ പ്രതിമകൾ ലോകത്തിന്റെ പല ഭാഗങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. നന്ദിയുള്ള നായയുടെ കഥകളും സിനിമകളുമുണ്ട് ധാരാളം. 1920-ൽ ജപ്പാനിൽ ഭരണാധികാരികൾ തന്നെ ഒരു നായയുടെ പ്രതിമ നിർമിച്ചു. ആ നായയെക്കുറിച്ച് സിനിമയും ഉണ്ടായി. 2009-ൽ 'ഹാച്ചി: എ ഡോഗ്സ് ടെയ്ൽ' (Hachi: A Dog's Tale) എന്ന പേരിൽ ഇംഗ്ലീഷിലും ആ സിനിമ ഇറങ്ങി.





വിഷ്ണു
ജി.എച്ച്.എസ്. പറവൂർ
ആലപ്പുഴ


ലോകം എങ്ങനെ


# പേടിക്കണം വൈറസുകളെ





പലതരം വൈറസുകൾ ലോകത്തിന് നിരന്തരം ഭീഷണിയുയർത്തുന്നു. ഉണ്ടാകുന്നത് എവിടെയാണെങ്കിലും ലോകത്തെവിടെയും ആ വൈറസുകൾ എത്തിപ്പെടാൻ അധികം സമയം വേണ്ട എന്നതാണ് സ്ഥിതി. 2018-ൽ നിപ എന്ന മാരക വൈറസ് കോഴിക്കോട്ട് എത്തി. വളരെ വേഗത്തിൽ ജാഗ്രതയോടെ ആ വൈറസിനെ പിടിച്ചുകെട്ടാനും സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരാനും കേരളത്തിന് കഴിഞ്ഞു. പിന്നീട് ലോകത്തെ വിറപ്പിച്ച കോവിഡ് 19-ഉം കേരളത്തിൽ എത്തി. ജനജീവിതത്തെ നാല് ചുവരുകൾക്കുള്ളിൽ കൂടുതൽ കാലം തളച്ചിട്ടുവെന്നതാണ് ഈ വൈറസിനെ നിപയിൽനിന്ന് വ്യത്യസ്തമാക്കുന്നത്. സംഹാരതാണ്ഡവമാടിയ ഈ വൈറസ് പതുക്കെ പിൻവലിഞ്ഞെങ്കിലും ഭീഷണി അവസാനിച്ചിട്ടില്ല. വലുതെന്തോ വരാനുണ്ട് എന്ന ഭയം പലരിലും ഇപ്പോഴും അവശേഷിക്കുന്നുണ്ട്. ലോകം മുഴുവൻ ഏറ്റവുമധികം പേടിക്കേണ്ടത് മാരകമായ വൈറസുകളെയാണെന്ന നിലയാണ് ഇപ്പോഴുള്ളത്. ഈ അവസ്ഥയിലേക്കെത്തിയതിന്റെ കാരണങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കാതെ നമുക്ക് മുന്നോട്ട് പോകാനാവില്ല.





അമൃത, അധ്യാപിക
കുരുവട്ടൂർ എ.യു.പി. സ്കൂൾ
കോഴിക്കോട്

പൂവറിവ്



# കായാമ്പൂ

കണ്ണിന് കുളിർമ നൽകുന്ന, വയലറ്റ് നിറത്തിലുള്ള പൂക്കൾ വിടരുന്ന ചെറിയ മരമാണ് കായാവ്. സമുദ്രനിരപ്പിൽനിന്ന് 1200 മീറ്റർ ഉയരമുള്ള പ്രദേശങ്ങളിലെ നിത്യഹരിത, അർധനിത്യഹരിത വനങ്ങളിൽ ഈ സസ്യം കാണപ്പെടുന്നു. അഞ്ചുമീറ്റർവരെയാണ് ഉയരം. കാശാവ് എന്നും കനലി എന്നും പേരുണ്ട്. ഇംഗ്ലീഷിൽ അയേൺ വുഡ് ട്രീ, ശാസ്ത്രീയ നാമം മെമിസൈലോൺ അമ്പല്ലേറ്റം (Memecylon umbellatum). ഇന്ത്യയിൽ പശ്ചിമഘട്ട മലനിരകളിലും ഡെക്കാൻ പീഠഭൂമിയിലും കാണുന്നു, ശ്രീലങ്കയിലുമുണ്ട്. ആയുർവേദമരുന്നുകളിലെ പ്രധാന കൂട്ടായി ഈ സസ്യത്തിന്റെ ഇലകളും വേരുകളും പഴങ്ങളും ഉപയോഗിക്കുന്നുണ്ട്. ബലമേറിയ കമ്പുകൾ കത്തിപ്പിടിക്കും ചെണ്ടക്കോലിനും ഉപയോഗിക്കാറുണ്ട്. പൂവിന്റെ ഭംഗിമൂലം പല ഗാനങ്ങളിലും കായാമ്പൂ ഇടംപിടിച്ചു. ശലഭങ്ങളെയും പക്ഷികളെയും ആകർഷിക്കുന്ന ഈ പൂക്കൾ ആവാസവ്യവസ്ഥാസന്തുലനത്തിൽ പ്രാധാന പങ്കുവഹിക്കുന്നു.

തീർത്ഥ ജിതിൻ
ക്ലാസ് 8
ജി.എച്ച്.എസ്.എസ്. മേപ്പാടി, വയനാട്


മാതൃഭൂമി ആകാശപ്പച്ച
2022 ജൂൺ



വർണച്ചിറക്

കവിത

# അമ്മ



പാലാഴി കടഞ്ഞെടുത്ത
അമൃതാണമ്മ,
ഹൃദയത്തിൽ കുടികൊള്ളും
ദേവിയാണമ്മ,
ഭൂമിയോളംതാഴ്ന്നാലും
പതറാത്ത മനസ്സാണമ്മ,
മക്കൾതൻ നെഞ്ചിലെ
വെളിച്ചമമ്മ.


കടൽ കടഞ്ഞെടുത്ത
അമൃതാണ് അമ്മ,
പ്രഭാതകിരണം മുതൽ
സന്ധ്യാദീപമണയും വരെ
ഒപ്പമുണ്ടാവണം
അമ്മതൻ വാക്കുകൾ,
ഗുണമേ ചെയ്തിടൂ
അമ്മതൻ മധുരച്ചൂരൽ,
മന്ദസ്മിതത്തിൽ
പനിനീർപ്പൂവാണ്
അമ്മമുഖം.

ശിവാനി വി.എസ്., ക്ലാസ് 10
രാജർഷി മെമ്മോറിയൽ ഹയർ
സെക്കൻഡറി സ്കൂൾ, ആളൂർ, തൃശ്ശൂർ

മാതൃഭൂമി ആകാശപ്പച്ച
2022 ജൂൺ

വർണച്ചിറക്
കഥ

# ചോദ്യം




ഒരിക്കൽ ഒരു കാട്ടിൽ ഒരു ആനക്കുട്ടി ജനിച്ചു. അവന് എപ്പോഴും സംശയങ്ങളായിരുന്നു. എല്ലാവരോടും ഓരോരോ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കും.

അങ്ങനെയിരിക്കെ പ്രകൃതിയാണ് അമ്മ എന്ന് ആരോ പറയുന്നത് അവൻ കേൾക്കാനിടയായി. അവൻ അമ്മയാനയോട് ചോദിച്ചു: "അമ്മേ, പ്രകൃതിയാണ് അമ്മ എന്ന് പറയുന്നത് എന്തുകൊണ്ടാണ്?"

"മോനെ", അമ്മ അവന് കാര്യങ്ങൾ വിശദീകരിച്ചുകൊടുത്തു: "നമുക്ക് അന്നം തരുന്നതും നമ്മെ സുരക്ഷിതമായി സംരക്ഷിക്കുന്നതും പ്രകൃതിയാണ്. നമുക്ക് ഈ ഭൂമിയിൽ ജനിക്കാൻ സാധിച്ചതും ഈ പ്രകൃതി കാരണമാണ്. അതിനാൽ പ്രകൃതി എനിക്കും നിനക്കും സർവചരാചരങ്ങൾക്കും അമ്മതന്നെയാണ്."

എന്തുകൊണ്ടാണ് പ്രകൃതിയെ അമ്മയെന്ന് വിളിക്കുന്നതെന്ന് അവന് മനസ്സിലായി. പിന്നീട് അവൻ അമ്മയായ പ്രകൃതിയെ സംരക്ഷിച്ചും പരിപാലിച്ചും ജീവിക്കാനാരംഭിച്ചു.



വൈഗ ബി. , ക്ലാസ് 6
ഇമ്മാനുവൽ എച്ച്.എസ്.എസ്.
കോട്ടയം

വെയിലുള്ളപ്പോൾ
മരത്തണലിൽ നിൽക്കാൻ
എല്ലാവർക്കും ഇഷ്ടമാണ്.
ആ ഇഷ്ടം
മരങ്ങൾ നട്ടുവളർത്താനും
വേണം!



Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

മാതൃഭൂമി
ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം. വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട് സംസാരിക്കാം.

Published by Mathrubhumi Seed